**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2676** — **12/03/2018-ൽ മറുപടിക്ക്**

**ഉദുമ ഗവ:ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഭൗതിക സാഹചര്യങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ | പ്രൊഫ.സി.രവീന്ദ്രനാഥ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ മേഖലയിൽ ആരംഭിച്ചിട്ടുള്ള ഗവ:ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ കെട്ടിടം അടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ള ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളുടെ വികസന പദ്ധതി KIIFB-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. KIIFB പദ്ധതിയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഉൾപ്പെട്ടിട്ടുണ്ട്. 16.6.2017-ലെ 1131/2017/HEdn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉദുമ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഉൾപ്പെടെയുള്ള കേരളത്തിലെ 69 ഗവ.കോളേജുകളുടെ (48 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, 5 പൈതൃക കോളേജുകൾ, 7 എഞ്ചിനിയറിംഗ് കോളേജുകൾ 9 പോളിടെക്നിക് കോളേജുകൾ) അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള DPR തയ്യാറാക്കുന്നതിനായി കിറ്റ്കോയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ കാസർഗോഡ് ജില്ലയിൽ ഉദുമ ഗവ:ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഈ പദ്ധതിയിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി ഉദുമ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് 885 ലക്ഷം രൂപയുടെ നീക്കിയിരുപ്പ് നടത്തിയിട്ടുണ്ട്. 3/3/2018-ൽ തിരുവനന്തപുരം ഗവ.വിമൻസ് കോളേജിൽ വെച്ച് നടന്ന മീറ്റിംഗിൽ കോളേജിന്റെ വികസന പ്രവർത്തനത്തിന്റെ രൂപരേഖ അവതരിപ്പിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ ഓഡിറ്റോറിയം, അഡ്മിൻ/ അക്കാദമി ബ്ലോക്ക്, ലൈബ്രറി, രണ്ടാം ഘട്ടത്തിൽ ഹോസ്റ്റൽ ബ്ലോക്കുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ക്യാന്റീൻ, പി.ജി.ബ്ലോക്ക്, ഇൻഡോർ സ്റ്റേഡിയം, ലേഡീസ് റെസ്റ്റ് റൂം, പ്രിൻസിപ്പൽ ക്വാർട്ടേഴ്സ് , പ്ലേ ഗ്രൗണ്ട് മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ